പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.65 | 28 -09 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ :<br>ശ്രീ. കെ.സുരേഷ്കുറുപ്പ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതി നടത്തിപ്പ് തൃപ്തികരമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻെറ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യുകയുണ്ടായോ ; പദ്ധതി വിഭാവനം ചെയ്ത നിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | തിരുവനന്തപുരം ജില്ലയിൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസ് (KEMP) ൻെറ പ്രവർത്തനം തൃപ്തികരമായ രീതിയിൽ ആണ് നടക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങളുടെ വിശദാംശം എൻ.ആർ.എച്ച്.എം. അവലോകനം ചെയ്യുന്നു. പദ്ധതി വിഭാവനം ചെയ്തനിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഓരോ ജില്ലയിലും ഈ പദ്ധതിപ്രകാരം സജ്ജമാക്കിയ ആംബുലൻസുകൾ എത്രയുണ്ട് ; ഇവയിൽ ഇപ്പോൾ എത്രയെണ്ണം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട് ; പുതുതായി ആംബുലൻസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | കേരള എമർജൻസി മെഡിക്കൽ സർവ്വീസ് (KEMP) പദ്ധതിപ്രകാരം 50 ആംബുലൻസുകളാണ് വാങ്ങിയത്. ഇതിൽ 25 ആംബുലൻസുകളുടെ സേവനം തിരുവനന്തപുരം ജില്ലയിൽ '108' എന്ന ടോൾ ഫ്രീ നമ്പറിലൂടെ ലഭ്യമാണ്. ആലപ്പുഴ ജില്ലയിലേക്ക് വിന്യസിക്കുവാനായി വാങ്ങിയ 25 ആംബുലൻസുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലായി വിന്യസിച്ചിരിക്കുകയാണ്. ഓരോ ജില്ലയിലേക്കും അനുവദിച്ചിരിക്കുന്ന ആംബുലൻസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇടുക്കി, വയനാട് ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിലൊന്നും പൂർണ്ണമായ തോതിൽ ഈ ആംബുലൻസുകൾ പ്രവർത്തിക്കുന്നില്ല. പുതുതായി ആംബുലൻസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

**ANNEXURE**

| Sl.No. | Name of the Hospital | No. |
|---|---|---|
| 1 | D.H.Kollam | 1 |
| 2 | GH Pathanamthitta | 1 |
| 3 | Medical College Hospital Alappuzha | 2 |
| 4 | THQH Thiruvalla | 1 |
| 5 | Taluk Hospital, Cherthala | 1 |
| 6 | Medical College Hospital Kottayam | 2 |
| 7 | GH Ernakulam | 1 |
| 8 | Taluk Hospital Muvattupuzha | 1 |
| 9 | District Hospital, Idukki | 1 |
| 10 | CHC Vandiperiyar | 1 |
| 11 | Medical College, Thrissur | 2 |
| 12 | DH Palakkad | 1 |
| 13 | TribalHospital, Attappady | 1 |
| 14 | GH Manjeri | 1 |
| 15 | Medical College Hospital, Kozhikode | 1 |
| 16 | W&C Hospital, Kozhikode | 1 |
| 17 | G.H.Kalpetta | 1 |
| 18 | District Hospital, Mananthavadi | 1 |
| 19 | G.H. Thalassery | 1 |
| 20 | District Hospital Kannur | 1 |
| 21 | GH Kasargod | 1 |
| 22 | District Hospital, Kanjangad | 1 |